# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**

ഫോൺ :0471-2468690,2468670

വിജ്ഞാപനം: 19/2025

വിജ്ഞാപന തിയ്യതി: 01-08-2025 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 31-08-2025

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**<u>കാറ്റഗറി നമ്പർ: 19/2025 ( ഡേറ്റാ എൻട്രി ഓപ്പറേറ്റർ )</u>**

**<u>വിദ്യാഭ്യാസ യോഗ്യത :</u>**

(i) ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം. (ii) കേരള / കേന്ദ്ര സർക്കാർ അംഗീകരിച്ച സ്ഥാപനത്തിലെ ഡേറ്റാ എൻട്രി കോഴ്സ് പാസ്സായ സർട്ടിഫിക്കറ്റ്. (iii) ഒരു അംഗീകൃത സ്ഥാപനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്ത ഒരു വർഷത്തെ പ്രവർത്തി പരിചയം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്Q 78,<br>കൊല്ലം,Pin:691577<br>Phone:04742501511 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:17360 - 44650 (Scale of Pay) |
| 2 | നാട്ടിക ഫാർക്ക സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം എഫ് 1251F-1251,<br>നാട്ടിക ഫാർക്ക സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നം എഫ്1251 , തൃശ്ശൂർ,Pin:680567<br>Phone:04872391231 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:16890 - 43660 (Scale of Pay) |
| 3 | നല്ലേപ്പിള്ളി എസ്.സി.ബി ക്ലിപ്തം .R. 43,<br>പാലക്കാട്,Pin:678553<br>Phone:04923282314 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:14270 - 37880 (Scale of Pay) |
| 4 | കാവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്No. 10252,<br>കാവന്നൂർ പി.ഒ, മലപ്പുറം , മലപ്പുറം,Pin:673639<br>Phone:04832862549 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ഭിന്നശേഷി വിഭാഗം)<br>Rs:17360 - 44650 (Scale of Pay) |
| 5 | നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തംD 1934,<br>മലപ്പുറം,Pin:673638<br>Phone:04832712067 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:17360 - 44650 (Scale of Pay) |
| 6 | ഇരിങ്ങല്ലൂർ പാലാഴി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നംNo. F 1171,<br>കോഴിക്കോട്,Pin:673014<br>Phone:04952430248 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(എസ്സ്.സി / എസ്സ്.റ്റി)<br>Rs:16420 - 42670 (Scale of Pay) |

| | | |
|---|---|---|
| 7 | തടിക്കടവ് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം C 66, കണ്ണൂർ,Pin:670581<br>Phone:9188769430 | ഡാറ്റ എൻട്രി ഓപ്പറേറ്റർ– 1 (ജനറൽ)<br>Rs:17360 – 44650 (Scale of Pay) |

1 പ്രായപരിധി 1/1/2025 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതാണ്. മറ്റ് പിന്നോക്കവിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് (40% ശതമാനമോ അതിൽ കൂടുതലോ ഉള്ളവർക്ക്) പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

2 സഹകരണ സർവീസ് പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷയിൽ 1 മാർക്കിന്റെ 100 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് അഭിമുഖത്തിന് പരമാവധി 20 മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 4 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 16 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.

3 ഉദ്യോഗാർത്ഥികൾ പരീക്ഷ ഫീസിനോടൊപ്പം സർക്കാരിന്റെ 13/08/2024 ലെ സ.ഉ.(കൈ).നം.17/2024/സഹ ഉത്തരവ് പ്രകാരമുള്ള 18% GST കൂടി അടക്കേണ്ടതാണ്.

4 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.

5 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി വിജ്ഞാപനപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ My Application ൽ നിന്നും അപേക്ഷ Print എടുത്തു സൂക്ഷിക്കേണ്ടതാണ്.

6 അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 31-08-2025

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

ഷീജ കെ

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **01-08-2025**